## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*327 — 10.05.2017 ൽ മറുപടിക്ക്

**ആരോഗ്യരംഗത്ത് ഐക്യരാഷ്ട്രസഭാ മാർഗരേഖക്ക് അനുസൃതമായി കൈവരിക്കേണ്ട നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി<br>,, എ.എം. ആരിഫ്<br>,, യു. ആർ. പ്രദീപ്<br>,, വി. അബ്ദുറഹിമാൻ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യരംഗത്ത് ഐക്യരാഷ്ട്രസഭാ മാർഗരേഖക്ക് അനുസൃതമായി 2020-ഓടെ സംസ്ഥാനം കൈവരിക്കേണ്ട നേട്ടങ്ങളിൽ മുഖ്യമായവ എന്തെല്ലാമെന്ന് അറിയിക്കുമോ; | (എ) | ഓരോ മേഖലയിലും കൈവരിക്കേണ്ട ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:<br><br>**കുഷ്ഠരോഗം**<br>1. കേരളത്തിലെ എല്ലാ ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും കുഷ്ഠ രോഗത്തിന്റെ പ്രാചുര്യം (prevalence)<0.1 ആക്കുക.<br>2. കുട്ടികളിൽ കണ്ടുവരുന്ന കുഷ്ഠരോഗം 1.17/ മില്യനിൽ നിന്നും <0.6% മില്യണാക്കി കുറയ്ക്കുക.<br><br>**ലിംഫാറ്റിക് ഫൈലേറിയാസിസ്**<br>കേരളത്തിലെ എല്ലാ ജില്ലകളിലും mf പ്രാചുര്യം 1% ൽ താഴെയാക്കുക.<br><br>**ക്ഷയരോഗം**<br>2020 ഓടെ ക്ഷയരോഗം പൂർണ്ണമായും ഇല്ലാതാക്കി ചികിത്സ സാർവ്വത്രികമായി സൗജന്യമാക്കുക.<br><br>**മലമ്പനി**<br>2020 ഓടുകൂടി തദ്ദേശീയ മലമ്പനി കേരളത്തിൽ നിന്നും പൂർണ്ണമായും ഇല്ലായ്മ ചെയ്യുകയും 2018 ഓടെ മലമ്പനി മൂലമുള്ള മരണം ഒഴിവാക്കാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | <u>ജീവിതശൈലീ രോഗങ്ങളിൽ വിദഗദ്ധ സമിതി മുന്നോട്ടുവെച്ച സൂചികകൾ</u><br>മുപ്പത് വയസ്സിനു മുകളിലുള്ളവരുടെ ഉയർന്ന രക്താദി സമ്മർദത്തിന്റെ പ്രാചുര്യം നിലവിൽ 30-40% ആണ്. 2020-ലും ഈ നിരക്ക് നിലനിർത്തുക.<br>മുപ്പത് വയസിനു മുകളിലുള്ളവരുടെ പ്രമേഹരോഗത്തിന്റെ പ്രാചുര്യം നിലവിൽ 18-20% ആണ്. 2020 ലും ഈ നിരക്ക് നിലനിർത്തുക.<br>മദ്യത്തിന്റെ ഉപയോഗം നിലവിലെ നിരക്കിൽ നിന്നും 5% കുറയ്ക്കുക. ഉപ്പിന്റെ ഉപയോഗം നിലവിലെ നിരക്കിൽ നിന്നും 10% കുറയ്ക്കുക. പുകയിലയുടെ ഉപയോഗം നിലവിലെ നിരക്കിൽ നിന്നും 30% കുറയ്ക്കുക. ഹൃദയാഘാതം തടയുവാനുള്ള ചികിത്സാ സൗകര്യങ്ങളുടെ ലഭ്യത 50% വർദ്ധിപ്പിക്കുക. സംസ്ഥാനത്ത് 80% സ്ഥാപനങ്ങളിലെങ്കിലും ജീവിത ശൈലീരോഗങ്ങൾ ചികിത്സിക്കുന്നതിനാവശ്യമായ മരുന്നും അനുബന്ധ സൗകര്യങ്ങളും ഉറപ്പ വരുത്തണം. വിറക് തുടങ്ങിയ ഖര ഇന്ധനങ്ങളുടെ നിലവിലെ ഉപയോഗത്തിൽ നിന്നും 50% കുറയ്ക്കുക. പഴം, പച്ചക്കറികൾ ആവശ്യത്തിന് കഴിക്കുന്ന ആളുകളുടെ എണ്ണം 20% വർദ്ധിപ്പിക്കുക. |

| | | | |
|---|---|---|---|
| | | | <u>മാനസികാരോഗ്യം</u><br>വിദ്യാർത്ഥികളിലെ വൈകാരിക പ്രശ്നങ്ങളും പെരുമാറ്റ വൈകല്യങ്ങളും 20-30% ൽ നിന്നും 10% ആക്കി കുറയ്ക്കുക<br><u>ദന്താരോഗ്യം</u><br>6 മുതൽ 12 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ ദന്തക്ഷയത്തിന്റെ പ്രാചുര്യം നിലവിലുള്ള നിരക്കായ 45-55% ൽ നിന്നും 35-45% ആക്കുകയും നിലവിലുള്ള ശരാശരി DMFT (Decayed Missing Filled Tooth) ആയ 3 നിലനിർത്തുക.<br>35-40 നും ഇടയിൽ പ്രായമുള്ളവർക്കിടയിലെ മോണരോഗങ്ങളുടെ നിരക്ക് നിലവിലെ നിരക്കായ 50% ൽ നിന്നും 40% ആയി കുറയ്ക്കുക.<br><u>ആൽക്കഹോൾ</u><br>അപകടകരമായ രീതിയിൽ മദ്യപിക്കുന്നവരുടെ ശതമാനം 10% ആയി കുറയ്ക്കുക.<br><u>കാൻസർ</u><br>പുരുഷൻമാരിലെ പുകവലി 20% ൽ താഴെയാക്കി കുറയ്ക്കുക. പുകയില ചവയ്ക്കുന്നത് സ്ത്രീകളിലും പുരുഷൻമാരിലും നിലവിലുള്ളതിന്റെ 5% ആയി കുറയ്ക്കുക. ക്യാൻസർ ചികിത്സയ്ക്ക് വേണ്ടിവരുന്ന ഭീമമായ ചികിത്സാ ചെലവ് 15% ആയി കുറയ്ക്കുക.<br><u>നേത്ര ആരോഗ്യം</u><br>ചികിത്സ ലഭിക്കാതെ റിഫ്രാക്ടീവ് എറർ |

| | | | |
|---|---|---|---|
| | | | കൊണ്ടുണ്ടാകുന്ന അന്ധത 25% ആയും തിമിരം മൂലമുണ്ടാകുന്ന അന്ധത, ഡയബറ്റിക് റെറ്റിനോപ്പതി എന്നിവ മൂലമുണ്ടാകുന്ന അന്ധത ഇവയുടെ 25% ആയി കുറയ്ക്കുക. |
| (ബി) | സുസ്ഥിര വികസന ലക്ഷ്യം നേടുന്നതിനായി വിവിധ തലങ്ങളിൽ നടത്താനുദ്ദേശിക്കുന്ന ഇടപെടലുകൾ എന്തൊക്കെയാണ്; | (ബി) | സംസ്ഥാന പദ്ധതി വിഹിതം വഴിയും, വിവിധ ആരോഗ്യ പരിപാടികളുടെ ഭാഗമായും ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ പ്രവർത്തനങ്ങൾ വഴിയും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. താഴെത്തട്ടിൽ ആരോഗ്യത്തെ നിർണ്ണയിക്കുന്ന സാമൂഹിക പ്രതിബന്ധങ്ങൾ പരിഹരിക്കാനും വിവിധ മേഖലകളുടെ ഒത്തുചേർന്ന പങ്കാളിത്തത്തിനുമായി ആരോഗ്യരംഗത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതനുസരിച്ചുള്ള പ്രവർത്തന പരിപാടികൾ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി ചെയ്തുവരുന്നു.<br>ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവർത്തനങ്ങളും ജില്ല/താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ആരംഭിക്കുന്ന പ്രവർത്തനങ്ങളും സുസ്ഥിര വികസന ലക്ഷ്യങ്ങൾ ആർജിക്കുന്നതിന് സഹായകമാകുന്നതാണ്.<br>വിവിധ പകർച്ചവ്യാധി നിയന്ത്രണ ലക്ഷ്യങ്ങൾ ആർജിക്കുന്നതിനുള്ള പ്രവർത്തന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. ജീവിതശൈലീരോഗ നിയന്ത്രണ പരിപാടികൾക്ക് കൂടുതൽ |

| | | | |
|---|---|---|---|
| | | | ഊന്നൽ നൽകിക്കൊണ്ട് പ്രാഥമികാരോഗ്യ മേഖലയെ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾക്ക് രൂപം കൊടുത്തു വരുന്നു. |
| (സി) | മാതൃ-ശിശു മരണങ്ങൾ കുറയ്ക്കുന്നതിനും ശാരീരിക ആരോഗ്യത്തിനോടൊപ്പം മാനസികാരോഗ്യ സംരക്ഷണത്തിനും നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ? | (സി) | മാതൃമരണങ്ങൾ/ശിശുമരണ നിരക്ക് കുറക്കുന്നതിന് രണ്ടു പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br><u>മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള പദ്ധതി</u><br><br>മാതൃമരണങ്ങളുടെ കാരണങ്ങൾ കണ്ടുപിടിക്കുന്നതിനായി കോൺഫിഡൻഷ്യൽ മെറ്റേണൽ ഡെത്ത് ഓഡിറ്റ് (Confidential Maternal Death Audit) നടപ്പിലാക്കി.<br><br>ആരോഗ്യ കുടുംബക്ഷേമ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും KFOG (കേരള ഫെഡറേഷൻ ഓഫ് ഒബ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി) യുടെ സഹകരണത്തോടുകൂടി പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>ഈ പദ്ധതിയുടെ ഭാഗമായി മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനായി ക്വാളിറ്റി സ്റ്റാൻഡേർഡ് തിരഞ്ഞെടുക്കപ്പെടുന്ന ആശുപത്രികളിൽ നടപ്പിലാക്കി.<br><br><u>ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള നടപടികൾ</u><br><br>നവജാത ശിശുക്കളുടെ ചികിത്സയ്ക്കായി SNCU (സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റ്, NBSU (ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ്) തുടങ്ങിയവ ആരംഭിച്ചു.<br><br>പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളിലും NBCC (ന്യൂബോൺ കെയർ കോർണർ) സ്ഥാപിച്ചു.<br><br>ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനായി ക്വാളിറ്റി സ്റ്റാൻഡേർഡ് രൂപപ്പെടുത്തി.<br><br>ഡോക്ടർമാർ, നഴ്സ് മറ്റ് ജീവനക്കാർ |

| | | | |
|---|---|---|---|
| | | | എന്നിവർക്ക് പരിശീലനം നൽകുന്നതാണ്.<br><br>ശിശുമരണത്തിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ഇൻഫന്റ് ഡെത്ത് ഓഡിറ്റ് വിപുലമായി നടപ്പാക്കുന്നതാണ്.<br><br>നവജാത ശിശുക്കൾക്ക് മെറ്റബോളിക് ഡിസീസ് (metabolic desease) നേരത്തെ കണ്ടുപിടിച്ച് ചികിത്സ നൽകുന്നതിനായി ന്യൂബോൺ സ്ക്രീനിംഗ് (New Born Screening) പ്രോഗ്രാം നടപ്പിലാക്കി വരുന്നു.<br><br>എല്ലാ കുട്ടികൾക്കും പ്രതിരോധ കുത്തിവയ്പുകൾ നൽകുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു.<br><br>മാനസികാരോഗ്യ സംരക്ഷണത്തിനുവേണ്ടി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br><br>1. കുട്ടികളിലെ പെരുമാറ്റ വൈകാരിക പ്രശ്നങ്ങൾ നേരത്തെ കണ്ടെത്തി പരിഹരിക്കുക.<br>2. വിഷാദരോഗ ചികിത്സ പ്രാഥമികാരോഗ്യതലത്തിൽ തന്നെ നടപ്പിൽ വരുത്തുക.<br>3. ആത്മഹത്യ നിരക്ക് കുറയ്ക്കുക.<br>4. മാനസികരോഗമുള്ളവർക്കെല്ലാം ചികിത്സ ലഭ്യമാക്കുക.<br>5. മാനസിക രോഗികൾക്ക് സാമൂഹികാധിഷ്ഠിത പുനരധിവാസം. |

സെക്ഷൻ ഓഫീസർ